# പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം 105 07.06.2018 -ൽ മറുപടിയ്ക്ക്

**ഭവന നിർമ്മാണ വകുപ്പിന്റെ ഗൃഹശ്രീ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ദുർബല വിഭാഗക്കാർക്ക് വേണ്ടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി എന്നിവയാണ്. |
| (ബി) ഗൃഹശ്രീ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടുകൂടി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഹൗസിംഗ് ബോർഡ് മുഖേന സന്നദ്ധ സംഘടനകൾ/ എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. |
| (സി) ഗൃഹശ്രീ പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ; | (സി) ഗൃഹശ്രീ പദ്ധതി 2013-14 വർഷം മുതൽ തുടർന്നു വരുന്ന സ്കീമാണ്. 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്കും 2015-16 വർഷത്തിൽ അനുവദനീയമായ 1988 വീടുകൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഴുവൻ ഗഡുക്കളും നൽകിയിട്ടുണ്ട്. |

നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദ നീയമായ വീടുകൾ | ഈ സർക്കാരിന്റെ കാലത്ത് പൂർണ്ണമായും ധനസഹായം നൽകിയിട്ടുള്ളത് |
|---|---|---|
| 2014-15 | 709 | 191 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (3.82 കോടി രൂപ) |
| 2015-16 | 1988 | 1328 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി (26.56 കോടി രൂപ) |

(ഡി) ഗൃഹശ്രീ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി) ഗൃഹശ്രീ പദ്ധതിക്ക് വേണ്ടി ധാരാളം അപേക്ഷകൾ സ്പോൺസർമാർ മുഖേന ഭവന നിർമ്മാണ ബോർഡിൽ ലഭിക്കുന്നുണ്ട്. ജി.ഒ(ആർ.റ്റി) നം.41/ 2017/ഭവനം. തീയതി.10.07.2017 സർക്കാർ ഉത്തരവ് പ്രകാരം ഗൃഹശ്രീ ഭവന പദ്ധതിയിൽ നിർമ്മിക്കുന്ന ഭവനങ്ങളുടെ തറ വിസ്തീർണ്ണം 66 ച.മീറ്ററിൽ നിന്നും 25 ശതമാനം വരെ വർദ്ധനവ് വരുത്തുന്നതിനും പ്രസ്തുത പദ്ധതി തദ്ദേശ സ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന ലൈഫ് പദ്ധതി പോലെ തയ്യാറാക്കി മുന്നോട്ട് കൊണ്ടു പോകേണ്ടതുമാണെന്നും ഉത്തരവായിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 2600 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ